# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2327 15/07/2011 ൽ മറുപടിക്ക്

## പട്ടികജാതി-പിന്നോക്ക സമുദായത്തിൽപ്പെട്ട കുട്ടികൾക്ക് നൽകിവന്നിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി - പിന്നോക്ക സമുദായത്തിൽപെട്ട കുട്ടികൾക്ക് നൽകി വന്നിരുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി, പിന്നോക്ക സമുദായത്തിൽപെട്ട കുട്ടികൾക്ക് നൽകി വന്നിരുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) 2010-11 അദ്ധ്യയന വർഷത്തിൽ പ്രസ്തുത ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ പൂർണ്ണമായി വിതരണം ചെയ്തുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ബി) ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടവ വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) കഴിഞ്ഞ മാർച്ച് മാസത്തെ തുക കുടിശ്ശിക വന്നിട്ടുള്ളത് 31/5/2011-ന് മുൻപ് വിതരണം ചെയ്യേണ്ടതാണെന്ന കർശന നിർദ്ദേശം എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും നൽകുകയും അതോടൊപ്പം സൈറ്റിൽ 31/5/2011-ന് മുൻപ് ആനുകൂല്യം വിതരണം ചെയ്യുന്നതിനു നിർദ്ദേശം Scrolling Message ആയി നൽകിയിട്ടുണ്ട്. കൂടാതെ ഇ-മെയിൽ/ഫാക്സ് മുഖേന പട്ടികജാതി വികസന ആഫീസർമാർക്ക് 30/6/2011-ന് മുൻപ് മുഴുവൻ കുടിശ്ശികയും തീർക്കുന്നതിന് കർശന നിർദ്ദേശം കൂടി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്ന പട്ടികജാതി പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾ വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് നിലവിലുള്ള ഉത്തരവ് പ്രകാരം ആനുകൂല്യങ്ങൾ യഥാസമയം തന്നെ അനുവദിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സം ഗ്രാന്റ് താഴെ പറയുന്ന നിരക്കിൽ അനുവദിച്ചു വരുന്നു.

| | |
|---|---|
| നേഴ്സറി | 100 രൂപ |
| 1 മുതൽ 4 വരെ | 140 രൂപ |
| 5 മുതൽ 7 വരെ | 240 രൂപ |
| 8 മുതൽ 10 വരെ | 330 രൂപ |

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 1,300/- രൂപ മെസ് അലവൻസും, 70/- രൂപ പോക്കറ്റ് മണിയും അനുവദിച്ചു വരുന്നു. കൂടാതെ രണ്ട് ജോഡി യൂണിഫോമിനായി യു.പി. തലത്തിൽ 700/- രൂപയും ഹൈസ്കൂൾ തലത്തിൽ 800/- രൂപയും അനുവദിച്ചു വരുന്നു. പട്ടികജാതി വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, വേട്ടുവൻ, നായാടി, കരിമ്പാലൻ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നു.

| | |
|---|---|
| 1 മുതൽ 4 വരെ | 55 രൂപ |
| 5 മുതൽ 7 വരെ | 60 രൂപ |
| 8 മുതൽ 10 വരെ | 70 രൂപ |

വൃത്തിഹീനമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് (100% കേന്ദ്രാവിഷ്കൃത പദ്ധതി) താഴെ പറയുന്ന നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നു.

| ക്ലാസ് | ഡേ-സ്കോളേഴ്സ് | ഹോസ്റ്റലേഴ്സ് |
|---|---|---|
| 1 മുതൽ 2 വരെ | 110 രൂപ | 700 |
| 3 മുതൽ 10 വരെ | 110 രൂപ | |

വാർഷിക അഡ്ഹോക്ക് ഗ്രാന്റായി ഡേ-സ്കോളേഴ്സിന് 750/- രൂപയും ഹോസ്റ്റലേഴ്സിന് 1000/- രൂപയും അനുവദിച്ചു വരുന്നു.

സമർത്ഥരായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കായി പബ്ലിക് സ്കൂൾ മാതൃകയിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വകുപ്പിന്റെ കീഴിൽ 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

പ്രവർത്തിച്ചുവരുന്നു. 4-ാം ക്ലാസ്സ് പാസ്സായവരിൽ നിന്നും പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ 5-ാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നൽകുകയും ഇവരുടെ തുടർന്നുള്ള പഠനത്തിനായി എല്ലാ ചെലവുകളും സർക്കാർ തന്നെ വഹിക്കുകയും ചെയ്യുന്നു.

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനായി 100% കേന്ദ്ര സഹായത്തോടെ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് വേണ്ടി 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രയാസമേറിയ വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകി പരിശീലനം നൽകി വരുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് തലത്തിൽ എസ്.എസ്.എൽ.സി കഴിഞ്ഞിട്ടുള്ള വിദ്യാഭ്യാസ കോഴ്സുകൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസിളവും 265/- രൂപ മുതൽ 2065/- രൂപ വരെ ലംപ്സംഗ്രാന്റും അനുവദിച്ചു വരുന്നു. പ്രതിമാസ സ്റ്റൈപ്പന്റ് താഴെപറയുന്ന നിരക്കിൽ നല്കിവരുന്നു.

| | |
|---|---|
| 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് | 405 രൂപ |
| 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് | 475 രൂപ |
| പട്ടികജാതി വികസന വകുപ്പിലെ വ്യവസായ പരിശീലന ഉൽപാദന പരിശീലന കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്ക് | 400 രൂപ |
| വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവൺമെന്റ് സ്ഥാപനങ്ങളും അംഗീകൃത സ്ഥാപനങ്ങളും) | 330 രൂപ |
| സംഗീത കോളേജിലെ നടന ഭൂഷണം കോഴ്സ് | 330 രൂപ |

പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1500/- രൂപ മെസ്സ് ചാർജ്ജ് അനുവദിച്ചുവരുന്നു. സ്ഥാപനം വക ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ താമസിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയായി ചുവടെ കാണിച്ചിരിക്കുന്ന നിരക്കിലുള്ള തുകയും അനുവദിച്ചുവരുന്നു.

| | |
|---|---|
| മെഡിക്കൽ എഞ്ചിനീയറിംഗ് തുടങ്ങിയ എൻട്രൻസ് പരീക്ഷ പാസായി വരുന്ന കോഴ്സുകൾ | 120 രൂപ |
| ഡിപ്ലോമയും അതിനു താഴെയുള്ള കോഴ്സുകളും | 100 രൂപ |

പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് സ്ഥാപനത്തിന്റെ ഹോസ്റ്റലോ, അംഗീകൃത ഹോസ്റ്റലോ ഇല്ലാത്ത സാഹചര്യത്തിൽ കുട്ടികൾ സ്വന്തം നിലയിൽ താമസ സൗകര്യം കണ്ടെത്തി താമസിക്കുകയാണെങ്കിൽ ഭക്ഷണചെലവിനായി 1,500/- രൂപ പ്രതിമാസ സ്റ്റൈപ്പന്റായി നൽകുന്നു. യൂണിവേഴ്സിറ്റി ഹോസ്റ്റലുകളിൽ ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കുകയും, മെസ്സ് സൗകര്യം ലഭിക്കാതിരിക്കുകയും, ചെയ്താൽ ഭക്ഷണ ചെലവിനായി 1,500/- രൂപ അനുവദിക്കുന്നു.

1 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി 2009-10 വർഷം മുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെഡിക്കൽ വിദ്യാർത്ഥികൾക്ക് 10,000/- രൂപയും, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് 5,000/- രൂപയും 2010-11 വർഷം മുതൽ ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് 10,000/- രൂപയും പ്രാരംഭ ചെലവുകൾക്കായി അനുവദിച്ചുവരുന്നു. സംസ്ഥാനത്ത് പഠന സൗകര്യം നിലവിലില്ലാത്തതും പ്രത്യേക തരത്തിലുള്ളതുമായ ബിരുദാനന്തര കോഴ്സുകൾക്കും, പ്രൊഫഷണൽ കോഴ്സുകൾക്കും, അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന എല്ലാവിധ ആനുകൂല്യങ്ങളും നൽകി വരുന്നു.

സർക്കാർ എയ്ഡഡ് കോളേജുകളിൽ പ്രവേശനം ലഭിക്കാതെ പാരലൽ കോളേജുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചുവരുന്നു.

പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

+1,+2 കോഴ്സുകൾക്ക് പഠിക്കുന്ന 44,500/- രൂപ വരെ വാർഷിക വരുമാന പരിധിയുള്ള

വിദ്യാർത്ഥികൾക്ക് 100% കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി പ്രകാരം പ്രതിമാസം 90 രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് സ്കോളർഷിപ്പും എല്ലാ വിധ ഫീസാനുകൂല്യങ്ങളും നൽകി വരുന്നു. ഡിഗ്രി തലത്തിൽ പഠിക്കുന്ന 25000/- രൂപ വരെ വാർഷിക വരുമാന പരിധിയുള്ളവർക്ക് മുഴുവൻ ഫീസാനുകൂല്യങ്ങളും നൽകി വരുന്നു. പി.ജി. പ്രൊഫഷണൽ, പോളിടെക്നിക് കോഴ്സുകൾക്ക് പഠിക്കുന്ന 42,000/- രൂപ വരെ വാർഷിക വരുമാന പരിധിയുള്ള എസ്.ഇ.ബി.സി./മറ്റിതര വിഭാഗം വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസാനുകൂല്യവും താഴെപറയുന്ന നിരക്കിൽ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും അനുവദിച്ചു വരുന്നു.

| കോഴ്സ് | സ്റ്റൈപ്പന്റ് | | ലംപ്സംഗ്രാന്റ് |
|---|---|---|---|
| | ഡേസ്കോളേഴ്സ് | ഹോസ്റ്റലേഴ്സ് | |
| പി.ജി.പ്രൊഫഷണൽ കോഴ്സുകൾ | 200 രൂപ | 250 രൂപ | 500 രൂപ |
| പോളിടെക്നിക് കോഴ്സുകൾ | 100 രൂപ | 150 രൂപ | 200 രൂപ |

സെക്ഷൻ ഓഫീസർ.